ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**No.Acd/Spc(2)/55382/CE/HSE/2015** **തീയതി : 04.02.2016**

# <u>സർക്കുലർ</u>

**വിഷയം**:- ഹ.സെ.വി. സി.ഇ മോണിറ്ററിംഗ് 2015- 2016- മാർഗ്ഗ നിർദ്ദേശം വ്യക്തത വരുത്തുന്നത് -സംബന്ധിച്ച്.

**സൂചന**: 25/01/2016 ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ

ജില്ലാടിസ്ഥാനത്തിൽ ക്ലസ്റ്റർ യോഗങ്ങൾ നടക്കുന്ന വിഷയങ്ങൾക്ക് ജില്ലാതലത്തിൽ 2 ടീമും, വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ ക്ലസ്റ്റർ യോഗങ്ങൾ നടക്കുന്ന വിഷയങ്ങൾക്ക് വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ 1 ടീമും രൂപീകരിക്കേണ്ടതും 04/02/2016 മുതൽ 12/02/2016 വരെയുള്ള ഏതെങ്കിലും 5 പ്രവൃത്തി ദിനങ്ങൾക്ക് ഉള്ളിൽ മോണിട്ടറിംഗ് പൂർത്തീകരിക്കേണ്ടതുമാകുന്നു. രണ്ടുപേരടങ്ങിയ ഒരു ടീം (rare subject ഒഴികെ) ഒരു ദിവസം 3 മുതൽ 4 സ്ക്കൂൾ വരെ മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

04/02/2016 മുതൽ 12/02/2016 വരെ നടക്കുന്ന സി.ഇ മോണിട്ടറിംഗ് പ്രക്രിയ പൂർത്തീകരിച്ചതിനു ശേഷം ടീമംഗങ്ങൾ Claim form പൂരിപ്പിച്ച് ബന്ധപ്പെട്ട സബ്ജക്ട് കൺവീനർമാരെ ഏൽപ്പിക്കേണ്ടതാണ്.

<u>സബ്ജക്ട് കൺവീനർമാരുടെ പ്രത്യേകം ശ്രദ്ധക്ക്</u>

1. സി.ഇ മോണിട്ടറിംഗുമായി ബന്ധപ്പെട്ട Claim form പൂരിപ്പിച്ച് 16/02/2016 നകം അതത് സബ്ജക്ട് കൺവീനർമാരെ നിർബന്ധമായും ഏൽപ്പിക്കേണ്ടതാണ്.

2. അഡ്മിഷൻ പോർട്ടലായ www.hscap.kerala.gov.in ൽ 17/02/2016 മുതൽ 19/02/2016 വരെ നൽകപ്പെടുന്ന ലിങ്ക് വഴി പ്രസ്തുത കൺവീനർമാർ അധ്യാപകരുടെ Claim details അപ്‌ലോഡ് ചെയ്തതിനു ശേഷം സൂചനയിൽ നിർദ്ദേശിച്ചിരിക്കുന്ന മറ്റു രേഖകൾ സഹിതം Claim form കൂടി ചേർത്ത് അതത് ആർ.ഡി.ഡി ഓഫീസുകളിൽ 25/02/2016 നകം സമർപ്പിക്കേണ്ടതാണ്.

Note: Claim form ലെ വിവരങ്ങൾ പ്രസ്തുത കൺവീനർമാർ Online link വഴി നൽകിയ ശേഷം ആയതിന്റെ അസ്സൽ രേഖകൾ സഹിതം അതത് ആർ.ഡി.ഡി സമക്ഷം സമയ ബന്ധിതമായി സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക അനുവദിക്കുന്നതല്ല. സബ്ജക്ട് കൺവീനർമാർ പ്രിൻസിപ്പൽമാരുടെ സഹായത്തോടെ അതത് സ്ക്കൂളിൽ നിന്നും ഡാറ്റ അപ്‌ലോഡ് ചെയ്യേണ്ടതും ആയതിനു വേണ്ട സഹായസഹകരണം പ്രിൻസിപ്പൽമാർ നൽകേണ്ടതുമാണ്.

**ഒപ്പ്/-**

**ജോയിന്റ് ഡയറക്ടർ**

**(അക്കാദമിക്)**